പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

300 (965) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിൽ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷനിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ പ്രസ്തുത കോർപ്പറേഷനിൽ നിന്നും എത്ര വീതം സാമ്പത്തിക സഹായങ്ങൾ ലഭ്യമായിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഓരോ ബഡ്ജറ്റിലും തനത് ഫണ്ടായി എത്ര തുക നീക്കിവച്ചെന്നും അതിൽ എത്ര രൂപ വീതം ചെലവഴിച്ചെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി)

വർഷം	NMDFC (തുക കോടിയിൽ)	NBCFDC (തുക കോടിയിൽ)
2011-12	45.00	45.00
2012-13	44.50	50.00
2013-14	30.50	80.00
2014-15	32.00	90.00

(സി)

വർഷം	നീക്കിവച്ച തുക (കോടി)	കോർപ്പറേഷന് ലഭിച്ച തുക (കോടി)	ചെലവാക്കിയ തുക (കോടി)
2011-12	07.00	07.00	07.00
2012-13	06.00	06.00	06.00
2013-14	10.00	10.00	10.00
2014-15	12.89	08.00	08.00

LIBRARY ARCHIVES Kerala Legislative Assembly